# എൻ.എസ്.എസ്സിന്റെ പ്രതികരണങ്ങൾ വ്യക്തവും വസ്തുതാപരവുമാണ്

എൻ.എസ്.എസ്. ഈ ഗവണ്മെന്റിനോട് പ്രധാനമായി ആവശ്യപ്പെട്ടത് ആകെ മൂന്നു കാര്യങ്ങളാണ് - ഒന്ന്, ശബരിമലയിലെ യുവതീപ്രവേശനം സംബന്ധിച്ച് വിശ്വാസികൾക്ക് അനുകൂലമായ നിലപാട് എടുക്കണം. രണ്ട്, ഭരണഘടനാഭേദഗതിയിലൂടെ കേന്ദ്രഗവണ്മെന്റ് നടപ്പാക്കിയ 10% സാമ്പത്തികസംവരണം കേരളത്തിലും നടപ്പാക്കണം. മൂന്ന്, സാമൂഹ്യപരിഷ്കർത്താവും സമുദായാചാര്യനുമായ ശ്രീ മന്നത്തുപത്മനാഭന്റെ ജന്മദിനം കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് പൊതുഅവധിയായി പ്രഖ്യാപിച്ചത്, നെഗോഷ്യബിൾ ഇൻസ്ട്രമെന്റ്സ് ആക്ടിന്റെ പരിധിയിൽകൂടി ഉൾപ്പെടുത്തണം. ഈ മൂന്ന് കാര്യങ്ങൾ സംബന്ധിച്ചു മാത്രമാണ് എൻ.എസ്.എസ്. സർക്കാരിനെതിരെ പ്രതികരിച്ചിട്ടുള്ളത്. ഭരണത്തിലുള്ള മറ്റു വീഴ്ചകളെക്കുറിച്ചോ വിവാദങ്ങളെക്കുറിച്ചോ എൻ.എസ്.എസ്. ഒരിക്കലും പ്രതികരിച്ചിട്ടുമില്ല.

അതിൽ, ശബരിമലയിലെ യുവതീപ്രവേശന വിഷയം ഇപ്പോഴും എവിടെ നില്ക്കുന്നു എന്ന് ജനങ്ങൾക്കറിയാം.

10 ശതമാനം സാമ്പത്തികസംവരണം ഇന്ത്യൻ ഭരണഘടനാഭേദഗതി പ്രകാരം 2019 ജനുവരി ആദ്യമാണ് നിലവിൽ വന്നത്. അത് കേരളത്തിൽ നടപ്പാക്കുന്നതിനുള്ള കമ്മീഷന്റെ റിപ്പോർട്ട് ഒരുവർഷത്തിനുശേഷം 3.1.2020-ൽ ആണ് സംസ്ഥാനസർക്കാർ അംഗീകരിച്ചത്. ആയതിന്റെ അടിസ്ഥാനത്തിൽ സംവരണത്തിനുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളും ഉൾപ്പെടുത്തി 12.02.2020-ൽ ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ പിന്നെയും എട്ടുമാസം കഴിഞ്ഞാണ് കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് റൂളിൽ ഭേദഗതി വരുത്തി 23.10.2020-ൽ മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്കുള്ള 10% സംവരണം നടപ്പാക്കിക്കൊണ്ട് ഉത്തരവായത്. സാമ്പത്തികസംവരണം സംസ്ഥാനത്ത് നടപ്പാക്കി എന്ന് സർക്കാർ ഘോരഘോരം അവകാശപ്പെടുമ്പോഴും, മുന്നാക്കസമുദായ പട്ടിക നാളിതുവരെ പ്രസിദ്ധീകരിച്ചിട്ടില്ലാത്തതിനാൽ സാമ്പത്തികസംവരണത്തിന്റെ പ്രയോജനം മുന്നാക്കവിഭാഗത്തിന് ഇന്നേവരെ ലഭിച്ചിട്ടില്ല എന്നതാണ് യാഥാർത്ഥ്യം.

തിരഞ്ഞെടുപ്പുപെരുമാറ്റചട്ടം നിലവിൽവന്നതുകൊണ്ടാണ് മുന്നാക്കസമുദായപട്ടിക പ്രസിദ്ധീകരിക്കാതിരുന്നത്; ഇപ്പോൾ ഹൈക്കോടതി അനുവാദം നല്കിയതിനാൽ പട്ടിക പ്രസിദ്ധീകരിക്കാനുള്ള നടപടികൾ സ്വീകരിക്കും എന്നാണ് സർക്കാർപക്ഷം.

മുന്നാക്കസമുദായപട്ടിക പ്രസിദ്ധീകരിക്കുന്നതിൽ സർക്കാർ വരുത്തുന്ന കാലതാമസം ചോദ്യം ചെയ്തുകൊണ്ടും, കാലവിളംബം കൂടാതെ പട്ടിക പ്രസിദ്ധീകരിക്കുവാൻ സർക്കാരിന് നിർദ്ദേശം നല്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും എൻ.എസ്.എസ്. ഉപഹർജി സമർപ്പിച്ചിരുന്നു. അതിന്മേലാണ്, പെരുമാറ്റച്ചട്ടം പട്ടികപ്രസിദ്ധീകരണത്തിന് തടസ്സമല്ലെന്ന് വ്യക്തമാക്കിക്കൊണ്ട് പട്ടിക ഉടൻതന്നെ പ്രസിദ്ധീകരിക്കാൻ ഹൈക്കോടതി ഉത്തരവായത്. ആ സാഹചര്യത്തിലാണ് മുന്നാക്കസമുദായപട്ടികപ്രസിദ്ധീകരണത്തിന് സർക്കാർ ഇപ്പോൾ നീക്കം കുറിച്ചിരിക്കുന്നത് എന്നതാണ് വസ്തുത.

മന്നംജയന്തി പൊതുഅവധിദിവസമാണെങ്കിലും, നെഗോഷ്യബിൾ ഇൻസ്ട്രമെന്റ്സ് ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുന്ന പൊതുഅവധിയായിക്കൂടി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് രണ്ടു തവണ മുഖ്യമന്ത്രിക്ക് നിവേദനങ്ങൾ സമർപ്പിച്ചിരുന്നു. എന്നാൽ അതിനെ നിസ്സാരവൽക്കരിച്ചുകൊണ്ട് രണ്ടുതവണയും ആവശ്യം നിരസിക്കുകയാണുണ്ടായത്. ഈ വിഷയത്തിൽ ഇടതുപക്ഷസർക്കാരിന്റെ ആത്മാർത്ഥതയില്ലായ്മയാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. അതിൽ എൻ.എസ്.എസ്സിന് ശക്തമായ പ്രതിഷേധമുണ്ട്.

ശബരിമലവിഷയം എല്ലാ മതങ്ങളുമടങ്ങുന്ന വിശ്വാസസമൂഹത്തിന് വേണ്ടിയും, സാമ്പത്തികസംവരണം എന്നത് 160-ൽപരം ജാതികളും ഉപജാതികളും അടങ്ങുന്ന മുന്നാക്കവിഭാഗത്തിനു വേണ്ടിയും, മന്നംജയന്തിയെ സംബന്ധിച്ച ആവശ്യം സ്വസമുദായത്തിന്റെയും സമൂഹത്തിന്റെയും രാജ്യത്തിന്റെയും നന്മയ്ക്കായി തന്റെ ജീവിതകാലം മുഴുവൻ പ്രവർത്തിച്ച സാമൂഹ്യപരിഷ്കർത്താവായ ശ്രീ മന്നത്തുപത്മനാഭന്റെ പേരിലും ആണ് എൻ.എസ്.എസ്. ഉന്നയിച്ചത് എന്ന കാര്യം ബന്ധപ്പെട്ടവർ ഓർക്കേണ്ടതായിരുന്നു.

എൻ.എസ്.എസ്സിന്റെ പ്രതികരണങ്ങൾ വ്യക്തവും വസ്തുതാപരവുമാണ്. ഇതിനെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെടുത്തി രാഷ്ട്രീയവൽക്കരിച്ച് അപകീർത്തിപ്പെടുത്താനുള്ള ഇടതുപക്ഷത്തിന്റെ ശ്രമങ്ങളെ അർഹിക്കുന്ന അവഗണനയോടെ തള്ളിക്കളയുന്നു.